'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ഓഡിറ്റർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ബിന്ദു വി.വി.-യുടെ ടി തസ്തികയിലെ പ്രൊബേഷൻ 26.08.2023 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.3210/2024/ധന** **തീയതി,തിരുവനന്തപുരം,04/04/2024**

പരാമർശം :- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ.4 (എ) എസ്റ്റാ.1/2019 തീയതി 09/08/2019 നമ്പർ നടപടിക്രമം.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08/11/2022 തീയതിയിലെ ഡി.കെ.എസ്.എ.3487/എസ്റ്റാ 3/2022 നമ്പർ നടപടിക്രമം.

3. സ.ഉ. (സാധാ) നം.24/2023/ധന തീയതി: 04/01/2023

4. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07/12/2022 ലെ ഡി.കെ. എസ്.എ.4201/എസ്റ്റാ.3/2022 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി ഓഡിറ്ററായി 20/08/2019 പൂർവ്വാഹ്നം സേവനത്തിൽ പ്രവേശിച്ച ശ്രീമതി ബിന്ദു വി.വി. 25/08/2021 ന് (6 ദിവസത്തെ പ്രൊബേഷൻ കണക്കാക്കാത്ത അവധി ഉൾപ്പെടെ) മൂന്ന് വർഷത്തിനുള്ളിലെ തുടർച്ചയായ രണ്ട് വർഷത്തെ സേവനം പൂർത്തിയാക്കിയെങ്കിലും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷകൾ നിശ്ചിത കാലയളവിനുള്ളിൽ വിജയിക്കാത്തതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം 2 പ്രകാരം 26.08.2021 മുതൽ 25/08/2022 വരെയും പരാമർശം 3 പ്രകാരം 26./08/2022 മുതൽ 25/08/2023 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി കാലയളവിനുള്ളിലും നിശ്ചിത വകുപ്പുതല പരീക്ഷകൾ വിജയിക്കാത്തതിനാൽ 26/08/2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനായി പരാമർശം 4 പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കി പ്രഖ്യാപിക്കുന്നതുവരെ വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതല്ലെന്ന നിബന്ധനയിന്മേലും ദീർഘിപ്പിച്ചു നൽകുന്ന കാലയളവിനുള്ളിൽ നിർബന്ധിത പരീക്ഷ കർശനമായും വിജയിച്ചിരിക്കണമെന്നും അല്ലാത്ത പക്ഷം, ഓഡിറ്റർ തസ്തികയിൽ 'Full membership' ന് യോഗ്യതയില്ലെന്ന നിഗമനത്തിൽ, KS & SSR ഭാഗം II, ചട്ടം 19, 20 പ്രകാരമുള്ള അധികാരം വിനിയോഗിച്ച് പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള വ്യവസ്ഥയ്ക്കു വിധേയമായും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്ററായ ശ്രീമതി. ബിന്ദു വി.വി.- യുടെ പ്രൊബേഷൻ കാലയളവ് 26.08.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ഫയൽ നം. എസ്റ്റാ.ഡി1/181/2022-ധന (ഇ- 2285315)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ